## പാഠം 20

# സ്വർഗാരോഹണം ചെയ്ത യേശു

**വേദഭാഗം** : ലൂക്കൊ. 24:44–53, അ.പ്രവൃ. 1:1–14

**തങ്കവാക്യം** : അ.പ്രവൃ.1:9.

*ഇതു പറഞ്ഞശേഷം അവർ കാൺകെ അവൻ ആരോഹണം ചെയ്തു, ഒരു മേഘം അവനെ മൂടിയിട്ട് അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു.*

**പാഠം**

ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പഠിപ്പിക്കുന്നതിനും, താൻ വാസ്തവമായി ജീവിച്ചിരിക്കുന്നു എന്നു അവരെ ബോധ്യപ്പെടുത്തുന്നതിനുമായി യേശു നാല്പതു ദിവസത്തോളം ശരീരത്തോടുകൂടി സഞ്ചരിക്കുകയും ശിഷ്യന്മാർക്കു പ്രത്യക്ഷനാവുകയും ചെയ്തു.

യേശുവും ശിഷ്യന്മാരും യെരുശലേമിൽ, കർത്താവ് തന്റെ അന്ത്യ പെസഹാ ആചരിച്ച മാളിക മുറിയിലായിരുന്നു അവർ പാർത്തിരുന്നത്. യേശു ശിഷ്യന്മാർക്ക് അവിടെ പല പ്രാവശ്യം പ്രത്യക്ഷനായിട്ടുണ്ട്. നാല്പതാം ദിവസവും അവർ കൂടിയിരുന്ന ആ സ്ഥലത്ത് യേശു പ്രത്യക്ഷനായി സുപ്രധാനമായ വാഗ്ദത്തവും അന്ത്യനിയോഗവും നൽകി. പ്രവൃത്തി. 1:5 ൽ പറയുന്നതുപോലെ പരിശുദ്ധാത്മ സ്നാനമാണ് യേശു നൽകിയ വാഗ്ദത്തം. നിങ്ങൾക്കോ ഏറിയ നാൾ കഴിയും മുമ്പേ പരിശുദ്ധാത്മാവ് കൊണ്ട് സ്നാ നം ലഭിക്കും എന്നാണ് യേശു കൽപ്പിച്ചത്. എക്കാലത്തുമുള്ള ദൈവമക്കൾക്കു വേണ്ടിയുള്ള ദൈവീക വാഗ്ദത്തമാണ് ഇത്.

**ഫോക്കസ് / FOCUS**

**സ്വർഗാരോഹണം ചെയ്ത യേശുവിന്റെ മടങ്ങിവരവിന് കാത്തിരിക്കുക**

**Wait for the return of Jesus who ascended to heaven**

## Lesson 20

# THE ASCENSION OF JESUS

**Scripture** : Luke 24:44-53; Acts 1:1-14

**Memory Verse** : Acts. 1:9

*After he said this, he was taken up before their very eyes, and a cloud hid him from their sight.*

Lesson

Jesus travelled and appeared to his disciples for forty days to teach them about the kingdom of God, and to prove to them of the authenticity of his resurrection.

Jesus and His disciples were in the upper room in Jerusalem where they had previously met for the Last Supper. Jesus had appeared to them many times there. Jesus gave them some important promises and the final commission. The promise that Jesus gave His disciples was the Holy Spirit. (Acts 1:5) Jesus told them that before long they will receive the baptism of the Holy Spirit. This is the promise of God for believers of all ages. Jesus also gave them instructions on how to receive the Holy Spirit. He gave them this command: "Do not leave Jerusalem, but wait for the gift my Father promised, which you have heard me speak about." We read that they started waiting from the time the received this promise. Acts 2 talks about the anointing of the Holy Spirit

അതിന് അവർ എന്തു ചെയ്യണമെന്നും യേശു കല്പിച്ചു. നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം ( ഇതനുസരിച്ച് അവർ കാത്തിരുന്നതായും പെന്തക്കോസ്തു നാളിൽ (അൻപതാം ദിവസം) ശിഷ്യന്മാരും യേശുവിന്റെ മറ്റ് അനുയായികളും ഉൾപ്പെടെ 120 പേർ പരിശുദ്ധാത്മ സ്നാനം പ്രാപിച്ച് അന്യഭാഷകളിൽ സംസാരിച്ചതായും അ.പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. പരിശുദ്ധാത്മ സ്നാനം പ്രാപിച്ചവർ എന്നും കർത്താവ് കല്പിച്ചു. (അ. പ്രവൃത്തി 1:8) വായിക്കുക. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യെരുശലേമിലും, യഹൂദ്യയിൽ എല്ലായിടത്തും, ശമര്യയിലും, ഭൂമിയുടെ എല്ലാ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് യേശു പറഞ്ഞു. പരിശുദ്ധാത്മ നിറവു പ്രാപിച്ചവർ സാക്ഷികളാകണം എന്ന നിയോഗം യേശു നൽകി. നാം എല്ലാവരും അത് അനുസരിക്കണം.

യേശു തന്റെ പ്രിയ ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ സംബന്ധിച്ച വാഗ്ദത്തവും തന്റെ നിയോഗവും നൽകിയശേഷം അവരെ കൂട്ടിക്കൊണ്ട് ഒലിവുമലയിലേക്ക് പോയി. യേശു അവിടെ പലപ്പോഴും പ്രാർത്ഥിപ്പാൻ പോയിരുന്നതുകൊണ്ട് അത് ശിഷ്യന്മാർക്ക് വളരെ പരിചയം ഉള്ള സ്ഥലം ആയിരുന്നു. അത് യെരുശലേമിൽ നിന്ന് ഒരു ശബ്ബത്ത് ദിവസത്തെ വഴിദൂരം (ഉദ്ദേശം അരമൈൽ ) അകലം ഉള്ളതായിരുന്നു.

ഒലിവു മലയിൽ എത്തിയപ്പോൾ യേശു തന്റെ ശിഷ്യന്മാരെ കൈ ഉയർത്തി അനുഗ്രഹിച്ചു. അവരെ അനുഗ്രഹിച്ചു കൊണ്ടിരിക്കുമ്പോൾ അവർ കാൺകെ യേശു ആകാശമണ്ഡലത്തിലേക്ക് ഉയർന്നു. ഒരു മേഘം അവനെ മൂടിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു. ശിഷ്യന്മാർ ആകാശത്തിലേക്ക് ഉറ്റു നോക്കിക്കൊണ്ടിരുന്നു. അപ്പോൾ വെള്ളവസ്ത്രധാരികളായ രണ്ട് ദൂതന്മാർ അവരോട് ഗലീല പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു.യേശു ഉയർപ്പിൻ

on the 120 people who had gathered in a room. Jesus said, "You will receive power when the Holy Spirit comes on you; and you will be my witnesses in Jerusalem, and in all Judea and Samaria, and to the ends of the earth." Jesus gave the commission that those who receive the baptism of the Holy Spirit must become witnesses. We have to obey this command.

Jesus took His disciples to the Mount of Olives after he had given them the commission and the promise of the Holy Spirit. The disciples were familiar with this place because Jesus had gone there many times for prayer. This place was around half a mile from Jerusalem.

When they reached the mountain, Jesus lifted His hands and blessed His disciples. While they were continuing to look at Him, Jesus ascended to heaven. A cloud covered Him and He was beyond their sight. They were looking intently up into the sky as he was going, when suddenly two men dressed in white stood beside them. "Men of Galilee," they said, "why do you stand here looking into the sky? This same Jesus, who has been taken from you into heaven, will come back in the same way you have seen him go into heaven." Jesus ascended to heaven with a glorified body. Jesus had said to His disciples earlier, "I will be with you till the end of the world." Jesus is always with us. Jesus has appeared after His ascension to many of His disciples. He appeared to Stephen (Acts 7:55-56), Apostle Paul (Acts 9:3-6) and Apostle John (Revelation 1:13). Jesus is alive. He reveals Himself to many of His children even today. We must not forget Jesus' words to Thomas that those who believe without seeing are blessed. Jesus lives for each one of us whether we get a revelation about Jesus or not. He hears our prayer and is always with us.

ശരീരത്തോടു കൂടി ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തു. എങ്കിലും യേശു തന്റെ ശിഷ്യന്മാരോടു ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട് എന്നുപറഞ്ഞു. യേശു എപ്പോഴും നമ്മോടു കൂടെയുണ്ട്. തന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷവും തന്റെ വിശുദ്ധന്മാരിൽ പലർക്കും പ്രത്യക്ഷനായിട്ടുണ്ട്. സ്തേഫാനോസിനും (പ്രവൃത്തി. 7:55–56), പൗലോസ് അപ്പോസ്തലനും (പ്രവൃത്തി.(9:3–6), പത്മോസ് ദ്വീപിൽ വെച്ച് യോഹന്നാൻ അപ്പോസ്തലനും (വെളി. 1:13) യേശു പ്രത്യക്ഷനായതായി നാം വേദപുസ്തകത്തിൽ നിന്ന് ഗ്രഹിക്കുന്നു. യേശു ഇന്നും ജീവിക്കുന്നു. ഈ കാലത്തും പല ദൈവമക്കൾക്കും യേശു ക്രിസ്തു പ്രത്യക്ഷനാകുന്നുണ്ട്. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്നു യേശു തോമസിനോടു പറഞ്ഞ കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. നമുക്ക് പ്രത്യേകമായ പ്രത്യക്ഷത ലഭിച്ചാലും ഇല്ലെങ്കിലും യേശു നമുക്കായി ജീവിക്കുന്നു. നമ്മുടെ പ്രാർത്ഥന കേൾക്കുന്നു. എപ്പോഴും നമ്മോടുകൂടെ ഇരിക്കുന്നു.

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം / *Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. യേശുവിന്റെ അന്ത്യവാഗ്ദാനം എന്തായിരുന്നു? What was the last promise of Jesus to His disciples?

2. യേശു വീണ്ടും വരുന്നതെങ്ങനെയായിരിക്കുമെന്നാണ് സ്വർഗ്ഗാരോഹണ സമയത്ത് ദൂതന്മാർ പറഞ്ഞത്? At the time of Jesus' ascension, in what manner did the angels say that Jesus would come again?

3. യേശുവിന്റെ സ്വർഗ്ഗാരോഹണ ശേഷം ശിഷ്യന്മാർ എന്തു ചെയ്തു? What did ht e disciples do after the ascension of Jesus?

4. ശിഷ്യന്മാർ പരിശുദ്ധാത്മാവിനു വേണ്ടി കാത്തിരുന്നത് എവിടെയായിരുന്നു? എത്രപേരാണ് കാത്തിരുന്നത്? Where did the disciples wait for the Holy Spirit? How many were there?

5. ശിഷ്യന്മാർ പരിശുദ്ധാത്മ സ്നാനം പ്രാപിച്ചത് എന്നായിരുന്നു? When did the disciples receive the Holy Spirit?

**II** സ്വർഗ്ഗാരോഹണത്തിനു മുൻപ് ശിഷ്യന്മാർക്ക് കൊടുത്ത കല്പന എഴുതുക.
Write the last command of Jesus to His disciples before His ascension.

**III** നിങ്ങൾക്ക് ശിഷ്യന്മാരെ സഹായിക്കാമോ? എവിടെ ഒക്കെ സാക്ഷികൾ ആകണം ? Can you help the disciples? Where should they become witnesses ?

